➪ *തങ്ങൾ മറ്റുരാജ്യക്കാരേക്കാൾ താഴ്ന്നവരാണെന്നും തോന്നിപ്പോരുന്നു* ➪

"**ന്യൂഗിനിയയിലെ** കുന്നുകളിൽ വസിക്കുന്ന പരമ്പരാഗത കാർഷിക സമൂഹത്തിന്റെ മണ്ണറിവ് അതിശയകരമാണ്. കണ്ടും തൊട്ടും മണത്തും രുചിച്ചും മണ്ണിന്റെ ഗുണദോഷങ്ങൾ ഇവർ കൃത്യമായി മനസ്സിലാക്കുന്നു. മണ്ണു ശാസ്ത്രജ്ഞർ ലാബറട്ടറിയിൽ നടത്തുന്ന പരിശോധനാഫലങ്ങൾക്കു തുല്യമായിരിക്കും ഇന്നാട്ടുകാരുടെ മണ്ണറിവ്. ന്യൂഗിനിയയിലെ കൃഷീവലരോട് ഏതുരീതിയിൽ, എങ്ങനെ ഇവർ മണ്ണിന്റെ ഫലഭൂയിഷ്ഠത മനസ്സിലാക്കുന്നു എന്ന് ഒരു ശാസ്ത്രജ്ഞൻ ചോദിച്ചാൽ കൃഷിക്കാരനാണെങ്കിൽ ഈ അറിവുണ്ടാകുമെന്ന് ഇവർ ഉത്തരം നൽകും. ഈ നാട്ടുമനുഷ്യർക്ക് തങ്ങളുടെ പ്രായോഗിക ശേഷികളെ ആധുനികരീതിയിൽ വിശകലനം ചെയ്തു ചിട്ടപ്പെടുത്തി, ശാസ്ത്രസത്യമാക്കി അവതരിപ്പിക്കാനറിയാത്തതിനാൽ  ശാസ്ത്രജ്ഞർക്ക് ഇവരുടെ മണ്ണറിവിനെ അംഗീകരിക്കാൻ ആവില്ല. ശാസ്ത്രീയമാർഗങ്ങളിലൂടെ, എഴുത്തു ഭാഷയിലേക്ക് നാട്ടുവിജ്ഞാനത്തെ പരാവർത്തനം ചെയ്യാനറിയാത്തതുകൊണ്ട് ശാസ്ത്രജ്ഞന്റെ കണ്ണിൽ ന്യൂഗിനിയൻ കർഷകന്റെ മണ്ണറിവ് ശാസ്ത്രീയ ജ്ഞാനമല്ല, വെറും കഴിവു മാത്രമാണ്. ശരിക്കും പറഞ്ഞാൽ ശാസ്ത്രജ്ഞർക്ക് നാട്ടുകാരെ മനസ്സിലാക്കാനാവാത്തതുപോലെത്തന്നെയാണ് ഗിനിയൻ കൃഷിക്കാർക്ക് ശാസ്ത്രരീതികളും അറിയാത്തത്." - *പോൾ സില്ലിറ്റോ-ദെ ഡവലപ്പ്മെന്റ് ഓഫ് ഇൻഡിജിനസ് നോളഡ്ജ്: എ ന്യൂ അപ്ലൈഡ് ആന്ത്രപ്പോളജി.*

# ആഗോളശാസ്ത്രവും നാട്ടുശാസ്ത്രങ്ങളും കൈകോർക്കുമോ?

സയൻസാണ് മാനവമോചനത്തിനുള്ള ഏക ഉപാധിയെന്നും, സയൻസ് നിഷ്പക്ഷമാണെന്നും, എല്ലാവിധത്തിലുള്ള മുൻവിധികൾക്കും സ്വാധീനങ്ങൾക്കും അതീതമാണെന്നും, സയൻസിനെ വിമർശിക്കുന്നവർ പിന്തിരിപ്പന്മാരും അന്ധവിശ്വാസികളും മനുഷ്യദ്രോഹികളുമാണെന്നുമുള്ള ആഗോള ധാരണകൾക്ക് എവിടെയാണ് തെറ്റുപറ്റുന്നത്?

**അശോകകുമാർ. വി**

സയൻസിന്റെ വരവോടെയാണ് ലോകം പരിഷ്കൃതമെന്നും അപരിഷ്കൃതമെന്നും രണ്ടായി തരംതിരിക്കപ്പെട്ടത്. സയൻസ് ഉത്ഭവിച്ച യൂറോപ്പിലുള്ളവർക്ക്, അവർ മറ്റുരാജ്യക്കാരേക്കാൾ ഉന്നതരാണെന്നും, അവരാൽ സയൻസ് എത്തപ്പെട്ട ഏഷ്യ, ആഫ്രിക്ക, അമേരിക്കൻ നാടുകളിലുള്ളവർക്ക്, തങ്ങൾ മറ്റുരാജ്യക്കാരേക്കാൾ താഴ്ന്നവരാണെന്നും തോന്നിപ്പോരുന്നു. ഉദാഹരണത്തിന്, യു.എസ്. സാമൂഹ്യശാസ്ത്രജ്ഞനായ വാൾട്ടർ വിറ്റ്മാൻ റൊസ്റ്റോവ്, പാശ്ചാത്യ രാഷ്ട്രങ്ങളെപ്പോലെ പരിഷ്കൃതമാകാത്ത പാരമ്പര്യ സമൂഹങ്ങളെ വിളിക്കുന്ന പേര് 'ന്യൂട്ടനു മുമ്പുള്ള സമൂഹങ്ങൾ' (Pre Newtonian Societies) എന്നാണ്. സയൻസിനോടും ഭൗതിക ലോകത്തോടും പഴഞ്ചൻ കാഴ്ചപ്പാട് വെച്ചുപുലർത്തുന്നതാണ് ഈ അപരിഷ്കൃത ലോകങ്ങളുടെ ജഡത്വത്തിനു കാരണം എന്നു റൊസ്റ്റോവ് ആരോപിക്കുന്നു. പഴയതിൽ നിന്നും യാ

തൊരുവിധ ബന്ധവുമില്ലാത്ത മനുഷ്യചരിത്രത്തിന്റെ പ്രതീകമായിട്ടാണ് അദ്ദേഹം ന്യൂട്ടനെ കാണുന്നത്. (Newton is here used as a symbol for that watershed in history). സയൻസ് യൂറോപ്പിനെ ഗുരുവും ഇതര ലോകങ്ങളെ അതിന്റെ ശിഷ്യഗണങ്ങളുമാക്കിത്തീർത്തു.

സയൻസ് മനുഷ്യനെ വിലയിരുത്തുന്നതിന്റെ സാർവ്വലൗകിക മാനദണ്ഡമായതോടൊപ്പം തന്നെ സയൻസിനെപ്പറ്റി ഒരു ആഗോളധാരണ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതിങ്ങനെയാണ്: സയൻസാണ് മാനവമോചനത്തിനുള്ള ഏക ഉപാധി. സയൻസ് നിഷ്പക്ഷമാണ്. എല്ലാവിധത്തിലുള്ള മുൻവിധികൾക്കും സ്വാധീനങ്ങൾക്കും അതീതമാണ്. മനുഷ്യന്റെ ശരിയായ ഒരേയൊരു ജ്ഞാനാന്വേഷണ മാർഗ്ഗം സയൻസ് മാത്രമാണ്. മറ്റ് അറിവുകളും അന്വേഷണങ്ങളും അശാസ്ത്രീയമായതിനാൽ മനുഷ്യനെ പിറകോട്ടു നയിക്കുന്ന കപടശാസ്ത്രങ്ങളിൽപ്പെടുന്നു. സയൻസിനെ വിമർശിക്കുന്നവർ ആരായാലും അവർ പിന്തിരിപ്പന്മാരും അന്ധവിശ്വാസികളും മനുഷ്യദ്രോഹികളുമാണ്.

**സയൻസിന്റെ വളർച്ച**

20-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെയെങ്കിലും സയൻസും സയൻസിനെപ്പറ്റി സമൂഹത്തിൽ പ്രചരിക്കപ്പെടുന്ന ധാരണകളും സൂക്ഷ്മമായ പരിശോധനകൾക്ക് വിധേയമാക്കപ്പെട്ടു തുടങ്ങി. സാമ്രാജ്യത്ത്വത്തിന്റെ നിയന്ത്രണങ്ങൾക്കും ചൂഷണങ്ങൾക്കുമുള്ള ഉപകരണമെന്ന നിലയിൽ സയൻസിന്റെ പങ്ക് എങ്ങനെയെന്ന് 1970-80 കളിലെ സാംസ്കാരികപഠനങ്ങൾ ശ്രദ്ധിക്കുകയുണ്ടായി. 'സാമ്രാജ്യത്വത്തിന്റെ അനുപേക്ഷണീയമായ ഉപകരണ'മെന്ന് സയൻസിനെയും സാങ്കേതികവിദ്യയെയും ഡാനിയൽ ഹെഡ്രിക് (Daniel Headrick) വിശേഷിപ്പിക്കുന്നുണ്ട്. 1760-1770 കളിൽ പസഫിക് സമുദ്രത്തിലൂടെ ക്യാപ്റ്റൻ ജെയിംസ് കുക്ക് നടത്തിയ യാത്രകളിൽ, നാവികർ മാത്രമല്ല സസ്യശാസ്ത്രജ്ഞരും ചിത്രകാരൻമാരും അനുഗമിച്ചിരുന്നു. പുതുലോകങ്ങളിലേയ്ക്കുള്ള ഈ പര്യടനത്തിൽ ഇവർ, ഉഷ്ണമേഖലാപ്രദേശങ്ങളിൽ നിന്നു സസ്യങ്ങൾ ശേഖരിച്ച് യൂറോപ്പിലെ തോട്ടം മേലാളൻമാർക്ക് എത്തിച്ചു കൊടുത്തതുകൊണ്ടാണ് പ്ലാന്റേഷൻ അധിഷ്ഠിതമായ വ്യവസായം ഏഷ്യൻ അമേരിക്കൻ ഭൂഖണ്ഡങ്ങളിൽ സ്ഥാപിതമായത്. പ്ലാന്റേഷനുകളിൽ നിന്ന് യൂറോപ്പിലേയ്ക്കെത്തിയ സമ്പത്ത് അവിടെ, തുടർന്ന് ഹോം ഇൻഡസ്ട്രിയെ - വ്യവസായ വിപ്ലവത്തെയും സൃഷ്ടിച്ചു. ലോകത്തെ ഭരിക്കുന്നതിനും മാറ്റിത്തീർക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള പുതിയ ആയുധങ്ങൾ ജിയോളജി, ജിയോഗ്രഫി തുടങ്ങിയ ശാസ്ത്രങ്ങൾ ബ്രിട്ടീഷ് സാമ്രാജ്യയജമാനൻമാർക്ക് നൽകി.

പ്രമുഖ സയൻസ് തത്ത്വചിന്തകനായിരുന്ന പോൾ ഫെയർബെന്റ് (Paul Feyerabend) ആധുനിക സമൂഹത്തിൽ സയൻസിനു കൈവന്നിരിക്കുന്ന അപ്രമാദിത്വത്തെപ്പറ്റി സവിസ്താരം അന്വേഷിക്കുകയുണ്ടായി. സത്യത്തിലേക്കുള്ള ഏകമാർഗ്ഗമായും, പുരോഗതിയുടെ കൊടിയടയാളമായും സയൻസിനെ കുടിയിരുത്തുന്നതിലെ പോരായ്മകൾ ഫെയർബെന്റ് ചൂണ്ടിക്കാട്ടുന്നു. അദ്ദേഹം എഴുതി: "സയൻസ് ഉൾപ്പെടെയുള്ള എല്ലാ പ്രത്യയശാസ്ത്രങ്ങളിൽ നിന്നും ലോകത്തെയും സമൂഹത്തെയും ഒരേപോലെ രക്ഷപ്പെടുത്തേണ്ടതുണ്ട്. പ്രത്യയശാസ്ത്രങ്ങളെല്ലാം കാഴ്ചപ്പാടുകൾ മാത്രമാണ്. ആരും അവയെ ആവശ്യത്തിലേറെ ഗൗരവത്തിൽ കാണരുത്. ധാരാളം രസകരമായ കാര്യങ്ങളും ഒപ്പം വികലമായ നുണകളുമുള്ള യക്ഷിക്കഥകൾപോലെയോ, നിത്യോപയോഗത്തിനുപകരിച്ചേക്കാവുന്നതും എന്നാൽ, അക്ഷരാർത്ഥത്തിൽ പിന്തുടർന്നാൽ മാരകമാകുന്നതുമായ ധാർമ്മികാനുശാസനങ്ങളെപ്പോലെയോ വേണം പ്രത്യയശാസ്ത്രങ്ങളെ വായിക്കേണ്ടത്."

മനുഷ്യനിർമ്മിതമായ ഏതൊന്നിനെയും പോലെ, സയൻസിന്റെ വളർച്ചയും പ്രയോഗങ്ങളും അതാതുകാലത്തെയും സ്ഥലത്തെയും സാംസ്കാരിക പരിസരങ്ങളിലാണ് സംഭവിക്കുന്നത്. സ്ഥലകാലങ്ങളുടെ സാം

മനുഷ്യനിർമ്മിതമായ ഏതൊന്നിനെയുംപോലെ, സയൻസിന്റെ വളർച്ചയും പ്രയോഗങ്ങളും അതാതുകാലത്തെയും സ്ഥലത്തെയും സാംസ്കാരിക പരിസരങ്ങളിലാണ് സംഭവിക്കുന്നത്. സ്ഥലകാലങ്ങളുടെ സാംസ്കാരികബന്ധനത്തിൽ നിന്ന് മതശാസനങ്ങളെപ്പോലെ സയൻസും മോചിതമല്ല. ലോകത്തെ മനുഷ്യൻ നോക്കിക്കാണുന്ന പല വഴികളാണ് പ്രത്യയശാസ്ത്രങ്ങളെങ്കിൽ, സയൻസും അപ്രകാരം പ്രത്യയശാസ്ത്രം തന്നെ.



സ്കാരികബന്ധനത്തിൽ നിന്ന് മതശാസന ങ്ങളെപ്പോലെ സയൻസും മോചിതമല്ല. ലോകത്തെ മനുഷ്യൻ നോക്കിക്കാണുന്ന പല വഴികളാണ് പ്രത്യയശാസ്ത്രങ്ങളെങ്കിൽ, സയൻസും അപ്രകാരം പ്രത്യയശാസ്ത്രം തന്നെ. അത്തരം പ്രത്യയശാസ്ത്രങ്ങളിൽ അപ്പാടെ ആമഗ്നരാകുന്നത് മനുഷ്യവർഗ്ഗത്തിന് നന്മയേക്കാൾ ദോഷമാണ് വരുത്തുന്നത്. ഞാനാണ് ആദ്യത്തെയും അവസാനത്തെയും സത്യം എന്ന മതപ്രബോധനങ്ങളുടെ അതേ നിലയിലാണ് സയൻസിന്റെയും ഉദ്ബോധനം. ഇത്തരം സ്വയംപ്രഖ്യാപിത ബോധനങ്ങളെ അതേപടി വിഴുങ്ങുമ്പോൾ ലോകക്ഷേമം വീണ്ടും അകലത്തിലാകുന്നു.

സയൻസിന് ഇന്ന് സമൂഹത്തിലുള്ള സ്ഥാനം വിശകലനം ചെയ്തുകൊണ്ട് ഫെയർബെന്റ് പറയുന്നു: "ഒരു നൂറ്റാണ്ടുമുമ്പ് മതപരമായ സത്യങ്ങൾ പഠിപ്പിച്ചിരുന്നതുപോലെ, വളരെ ചെറുപ്പത്തിലേ, അതേ ശൈലിയിൽ തന്നെ സയൻസിന്റെ സത്യങ്ങളും പഠിപ്പിക്കുന്നു. വിദ്യാർത്ഥികളിലെ വിമർശനപരമായ കഴിവുകൾ ഉണർത്താൻ യാതൊരു ശ്രമവും നടത്തുന്നില്ല... പ്രബോധനങ്ങളെല്ലാം ചിട്ടപ്പടി നിർവ്വഹിക്കപ്പെടുന്നതിനാൽ സർവ്വകലാശാലകളിലെ സ്ഥിതി ഏറെ കഷ്ടമാണ്. വിമർശനം പൂർണ്ണമായി ഇല്ലെന്നല്ല. ഉദാഹരണത്തിന് സമൂഹവും അതിലെ സ്ഥാപനങ്ങളും, വളരെ കടുപ്പത്തിലും ചിലപ്പോൾ വളരെ യോജിക്കാത്തവിധത്തിലും വിമർശിക്കപ്പെടുന്നുണ്ട്. എന്നാൽ, സയൻസിനെ വിമർശനത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ബിഷപ്പുമാരുടെയും കർദ്ദിനാൾമാരുടെയും വിധികൾ കുറേനാൾ മുമ്പ് നമ്മൾ സ്വീകരിച്ചിരുന്നതുപോലെ, അതേ ബഹുമതിയോടെ ശാസ്ത്രജ്ഞരുടെ വിധികളും സമൂഹത്തിൽ പൊതുവെ സ്വീകരിക്കപ്പെടുന്നു." മതാശയങ്ങളോട് ഏറ്റുമുട്ടി നായകസ്ഥാനത്ത് അവരോധിതമായ സയൻസ്, മുമ്പ് കീഴടങ്ങിയ അതേ പ്രത്യയശാസ്ത്രങ്ങളെപ്പോലെ മർദ്ദകസ്വഭാവമുള്ളതായി മാറിയിട്ടുണ്ടെന്നും ഫെയർബെന്റ് ഓർമ്മിപ്പിക്കുന്നു.

കാലഹരണപ്പെട്ട അക്ഷരസംഹിതകളുമായി മതയാഥാസ്ഥിതികർ തിന്മകൾക്കു വളം വെയ്ക്കുന്നതുപോലെ, വെളിച്ചത്തിന്റെ പുതിയ ചീളുകൾക്ക് കടക്കാൻ ഇടം നൽകാതെ, സയൻസിലും ചിതലരിച്ച സത്യങ്ങൾക്കുമേൽ അടയിരിക്കുന്ന 'ശാസ്ത്രസ്നേഹി'കളാണ് മിക്കവരും. സയൻസിനെ സംബന്ധിച്ച് കഴിഞ്ഞ ദശകങ്ങളിൽ രൂപപ്പെട്ടുവന്ന സാംസ്കാരിക പഠനങ്ങളെ ഇത്തരക്കാർ അറിയുന്നേയില്ല. സയൻസിനെ ചോദ്യം ചെയ്താൽ അവരൊക്കെ മതദ്രോഹവിചാരണക്കു വിധേയരായവരെന്നപോലെ, ശാസ്ത്രദ്രോഹ വിചാരണക്കോടതിയിൽ, അന്ധവിശ്വാസ പ്രചാരകരായി ശാസ്ത്രയാഥാസ്ഥിതികരാൽ ക്രൂശിക്കപ്പെടുന്നു. എന്നാൽ ചെറിയവിഭാഗം ശാസ്ത്രജ്ഞരെങ്കിലും ഇന്ന് ഇത്തരം ശാസ്ത്രോപാസനയുടെ പരിമിതികളും അപകടങ്ങളും മനസ്സിലാക്കുന്നുണ്ട്. പക്ഷേ, കേരളം പോലെ വിദ്യാസമ്പന്നമായ പ്രദേശങ്ങളിലാകട്ടെ, ഫെയർബെന്റ് ചൂണ്ടിക്കാട്ടിയത് പോലെ, ഔപചാരിക വിദ്യാഭ്യാസത്തിന്റെ അപ്പുറത്തേയ്ക്ക് അന്വേഷണങ്ങൾ നീങ്ങാത്തതുകൊണ്ട് സയൻസിന്റെ യാഥാസ്ഥിതിക പക്ഷം മാത്രമേ രംഗത്തുള്ളൂ. പുരോഹിതന്മാർക്കുള്ളിൽ മതം അവരുടെ ഭൗതികഭോഗത്തിന്റെ ഉപാധിയാകുന്നതിനു സമാനമായി സയൻസ്, ഇത്തരക്കാർക്ക് സ്വാർത്ഥപൂരണത്തിനുള്ള തുണമാത്രമാണ്. അതുകൊണ്ടുതന്നെ സയൻസിനെ ആദിമദ്ധ്യാന്തവിഹീനമായ അന്തിമ സത്യമായി അവരോധിക്കുന്നതിലും അതിനെ എതിർക്കുന്നവരെ കൈകാര്യം ചെയ്യുന്നതിലും ഈ യാഥാസ്ഥിതികപക്ഷം ജാഗരൂകമാണ്.

### ചില തിരുത്തലുകൾ

കേരളത്തിൽ ജൈവകൃഷിയ്ക്കെതിരെ വിചാരണയുമായി രംഗത്തുവന്ന സയൻസ്പ

ക്ഷ ലേഖനങ്ങളെ ഇവിടം അടക്കി വാഴുന്ന ശാസ്ത്രയാഥാസ്ഥിതിക ബോധത്തിന്റെ ജീർണ്ണോല്പന്നമായിട്ടു വേണം തിരിച്ചറിയേണ്ടത്. അന്താരാഷ്ട്രതലത്തിൽ ഈ പഴഞ്ചൻ നിലപാടിനെ തിരുത്തുന്ന ശാസ്ത്രജ്ഞർ ഏറെയുണ്ടെന്ന് ഇക്കൂട്ടർക്ക് അറിയേണ്ടതുമില്ലല്ലോ. പ്രകൃതി സൗഹൃദകൃഷി (Agroecology) ഉൾപ്പെടെയുള്ള നാട്ടുശാസ്ത്രങ്ങളെ കപടശാസ്ത്രമെന്നും അന്ധവിശ്വാസമെന്നും ചാപ്പകുത്തുന്നത് സയൻസ് പക്ഷപാതികളുടെ ഭാഗത്തുനിന്നുള്ള പരമബദ്ധമാണെന്നു പുനഃപരിശോധന നടത്തുന്നത് മറ്റാരുമല്ല, ശാസ്ത്രജ്ഞരുടെ മുന്തിയ ആഗോള സംഘടനയായ ഇന്റർനാഷണൽ കൗൺസിൽ ഫോർ സയൻസ് (I.C.S.U.) തന്നെയാണ്. 1999 ജൂൺ 26 മുതൽ ജൂലായ് 1 വരെ ഹംഗറിയിലെ ബുഡാപെസ്റ്റിൽ ഐ. സി. എസ്.യു.വിന്റെ സഹകരണത്തോടെ യുനെസ്കോ ഒരു ലോകശാസ്ത്രസമ്മേളനം നടത്തുകയുണ്ടായി. അംഗരാഷ്ട്രങ്ങൾക്കിടയിൽ ശാസ്ത്രവിദ്യാഭ്യാസം വളർത്തുന്നതിനും, 21-ാം നൂറ്റാണ്ടിന്റെ ആവശ്യങ്ങളും അഭിലാഷങ്ങളും അനുസരിച്ച് പ്രതികരിക്കുന്നതിനുള്ള തന്ത്രം ആവിഷ്ക്കരിക്കുന്നതിനുമായിരുന്നു ഈ യോഗം വിളിച്ചുകൂട്ടിയത്. രണ്ടു സുപ്രധാനരേഖകൾ ഈ സമ്മേളനം തയ്യാറാക്കുകയുണ്ടായി: 1) ഡിക്ലറേഷൻ ഓൺ സയൻസ് ആന്റ് ദെ യൂസ് ഓഫ് സയന്റിഫിക് നോളഡ്ജ്. 2) സയൻസ് അജണ്ട -ഫ്രെയിം വർക്ക് ഫോർ ആക്ഷൻ. 'മനുഷ്യരാശിക്ക് വലിയ നേട്ടങ്ങൾ നൽകിയ നിർണ്ണായക കണ്ടുപിടുത്തങ്ങൾക്ക് സയൻസ് വഴിയൊരുക്കിയിട്ടുണ്ട്. അതേസമയം ഈ അറിവുകൾ ഉത്തരവാദിത്വത്തോടെ, സമൂഹത്തിന്റെ ആശയാഭിലാഷങ്ങളെ അഭിസംബോധന ചെയ്യുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനുള്ള വെല്ലുവിളികൾ കണേണ്ടിയിരിക്കുന്നു. സയൻസും പ്രാദേശിക സംസ്കാരവും തമ്മിലുള്ള ഉചിതമായ സംവാദം ഈ വെല്ലുവിളിയെ നേരിടാൻ അത്യാവശ്യമാണ്'എന്ന് ഡിക്ലറേഷനിൽ എഴുതിയിരിക്കുന്നു. 'ലോകത്തെ  നിരീക്ഷിക്കുന്നതിന്റെയും മനസ്സിലാക്കുന്നതിന്റെയും ചലനാത്മകമായ പ്രകടനം എന്ന നിലയിൽ പരമ്പരാഗതവും പ്രാദേശികവുമായ അറിവുകൾ സയൻസിനും സാങ്കേതികവിദ്യയ്ക്കും അമൂല്യമായ സംഭാവനകൾ ചരിത്രപരമായി നല്കിയിട്ടുണ്ട്; ഇനിയും നൽകാൻ കഴിയും. ഈ സംസ്കാരിക പൈതൃകവും അനുഭവജ്ഞാനവും നിലനിർത്തുകയും സംരക്ഷിക്കുകയും ഗവേഷണം നടത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്' എന്നും ഡിക്ലറേഷന്റെ 26-ാം ഖണ്ഡികയിലുണ്ട്.

തലമുറകളിലൂടെ പ്രാദേശികസമൂഹങ്ങൾ ആർജ്ജിച്ചെടുത്ത അനുഭവവിജ്ഞാനങ്ങൾ സയൻസിനെ സംബന്ധിച്ച് ഏറ്റവും പ്രധാനമാണെങ്കിലും, ഈ നാട്ടുസംഭാവനകളെ സയൻസ് വിരുദ്ധമായ നടപടികളിൽ നിന്നും കപടശാസ്ത്രങ്ങളിൽ നിന്നും വേർതിരിച്ച് മനസ്സിലാക്കേണ്ടതുണ്ടെന്ന് ഐ.സി. എസ്.യു.വിന്റെ ജനറൽ അസംബ്ലി തീരുമാനിക്കുകയും ഈ വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി കൂടുതൽ പഠനങ്ങൾക്ക് ഒരു കമ്മറ്റിയെ രൂപീകരിക്കുകയും ചെയ്തു. 2002 സെപ്തംബറിൽ റിയോഡി ജെനിറോയിൽ ചേർന്ന ജനറൽ അസംബ്ലിയിൽ ഈ കമ്മറ്റി അവരുടെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

പരമ്പരാഗതവും തദ്ദേശീയവുമായ അറിവുകൾ മറ്റേതൊരു ജ്ഞാനവ്യവസ്ഥയെയും പോലെ ഓരോ പ്രത്യേക ലോകവീക്ഷണത്തെ പ്രതിനിധാനം ചെയ്യുന്നു. സയൻസും ഇതിൽ നിന്നു വ്യത്യസ്തമല്ലെന്ന് മേൽപ്പറഞ്ഞ ശാസ്ത്രറിപ്പോർട്ടിൽ പറയുന്നുണ്ട്. പ്രകൃതിയെ പലവിധത്തിൽ ഉപയോഗപ്പെടുത്തുന്നതിന് സയൻസ് ഊന്നൽ കൊടുക്കുമ്പോൾ നാട്ടുശാസ്ത്രങ്ങളേറെയും പ്രകൃതിയുമായി ആവുന്നത്ര രമ്യതയിൽ വർത്തിക്കുന്നതിൽ ശ്രദ്ധകൊടുക്കുന്നു. പ്രകൃതിയെയും മനുഷ്യനെയും വിരുദ്ധധ്രുവങ്ങളിൽ പ്രതിഷ്ഠിക്കുന്ന പാശ്ചാത്യകാഴ്ചപ്പാടിനു പകരം, മനുഷ്യനും ഇതരജീവജാലങ്ങളും പരസ്പരം കൊടുത്തും വാങ്ങിയും സഹവർത്തിക്കുന്നവരായി നാട്ടുശാസ്ത്രങ്ങൾ കരുതുന്നു. പാരിസ്ഥിതികവും സാമൂഹികവുമെന്നപോലെ വസ്തുനിഷ്ഠവും ആത്മീയവുമായ ഘടകങ്ങൾ ഇഴചേർന്നിരിക്കുന്ന സമഗ്രമായ ഈ നാട്ടുദർശനങ്ങളെ, അന്ധവിശ്വാസങ്ങളെന്നു ശാസ്ത്രജ്ഞർ മുദ്രകുത്തുന്നതിനു പകരം, ഇത്തരം അറിവുകളുടെ പശ്ചാത്തലമായ പരിസ്ഥിതിയെയും സംസ്കാരത്തെയും അടുത്ത് മനസ്സിലാക്കുമ്പോൾ ഈ അറിവുകളുടെ പ്രാധാന്യം തിരിച്ചറിയാനാകും. നാട്ടുശാസ്ത്രങ്ങളുടെ വിവിധ ഘടകങ്ങളെ അവയുടെ ലോകവീക്ഷണത്തിൽ നിന്നും അടർത്തിയെടുക്കുമ്പോൾ ആ ഘടകങ്ങളും ഒപ്പം, അവ മൊത്തമായും അസംബന്ധവും അനുചിതവുമെന്ന് തെറ്റിദ്ധരിക്കപ്പെടുന്നു.

നാട്ടുശാസ്ത്രങ്ങളെ കപടമെന്നും അശാസ്ത്രീയമെന്നും അപകടകരമെന്നും മുദ്രചാർത്തി നിഷേധിക്കുന്നതിലൂടെ രണ്ടുവിധ

➩ രണ്ടാമത്തെ വലിയതെറ്റ് അതിജീവനത്തിന്റെ അവസാനത്തെ വാതിലും അടച്ചുകളയുന്നു എന്നതാണ് ➩


പോൾ ഫെയർബെന്റ്

ത്തിലുള്ള നഷ്ടമാണ് ശാസ്ത്രയാഥാസ്ഥിതികത്വം വരുത്തിവെയ്ക്കുന്നത്. ഒന്നാമത്, ഈ മനോഭാവം സയൻസിന്റെ ശരിയായ വളർച്ച തന്നെ തടയുന്നു. കാരണം സയൻസ് ഇത്രകണ്ടു വളർന്നത് ലോകത്താകമാനമുള്ള പ്രാദേശിക ജ്ഞാനധാരകളിൽ നിന്നും നിർലോഭം കടംകൊണ്ടിട്ടാണ്. ഗ്രീക്ക്, റോമൻ, അറബ് ദാർശനികരുടെയും പണ്ഡിതന്മാരുടെയും തദ്ദേശീയവും പരമ്പരാഗതവുമായ അറിവുകൾ സയൻസിനെ വളർത്തുന്നതിൽ നിർണ്ണായകമായ പങ്കാണു വഹിച്ചിട്ടുള്ളതെന്നും എന്നാൽ, ആധുനിക യൂറോപ്യൻ സമൂഹത്തിന് ഈ കടംകൊള്ളലിനെപ്പറ്റി ചരിത്രബോധമില്ലെന്നും 'സയൻസ് ആന്റ് കൾച്ചർ' എന്ന തന്റെ ലേഖനത്തിൽ മറിജ്യോ ലകാറിനോ (Maurizio Laccarino) എഴുതിയിരിക്കുന്നു.

യൂറോപ്പിൽ 18-ാം നൂറ്റാണ്ടിൽ, കാൾ ലിനിയസിന്റെ സസ്യജാലങ്ങളുടെ വർഗ്ഗീകരണവും അവയ്ക്കു ലാറ്റിൻ പേരുനൽകലും സ്കാൻഡിനേവിയയിലെ പരമ്പരാഗത ലാപ്ലാന്റ് അറിവിൽ നിന്നും കടംകൊണ്ടതാണ്. ഇന്നും പുതിയ ജീവജാതികളെ കണ്ടെത്തുന്നതിനും തരംതിരിക്കുന്നതിനും സഹായമരുളുന്നതും നാട്ടുവിജ്ഞാനങ്ങളാണ്. വൈദ്യത്തിലും കൃഷിയിലുമൊക്കെ നാട്ടറിവുകളിൽ നിന്നുള്ള സ്വാംശീകരണം ഏറെയുണ്ട്. പരമ്പരാഗത മരുന്നുകളുടെ ചുവടുപിടിച്ചാണ് മിക്ക ഗവേഷണങ്ങളും പുരോഗമിക്കുന്നത്. ലോകജനതയുടെ 80 ശതമാനവും ഇന്നും അവരുടെ പ്രാഥമിക ആരോഗ്യരക്ഷയ്ക്കു ആശ്രയിക്കുന്നത് പാരമ്പര്യചികിത്സകളെയാണ്. അമേരിക്കയിൽ ഉപയോഗിക്കുന്ന മരുന്നുകൾ 25% വും പാരമ്പര്യമരുന്നുകളുടെ ആധുനികശാസ്ത്രാധിഷ്ഠിതമായ പ്രയോഗമാണ്. കൃഷിയിൽ വിളപരിപാലനം, ഇനങ്ങൾ വികസിപ്പിച്ചെടുക്കൽ എന്നിവയിലെല്ലാം പാരമ്പര്യാർജ്ജിത ജ്ഞാനത്തിന്റെ വെളിച്ചത്തിലാണ് ശാസ്ത്രീയ ഗവേഷണങ്ങൾ ഉണ്ടായത്. സ്വാഭാവിക വനസംരക്ഷണത്തെപ്പറ്റിയും ജൈവവൈവിധ്യപാലനത്തെപ്പറ്റിയും സയൻസിനു വഴികാട്ടുന്നത് ഇപ്പോൾ നാട്ടുശാസ്ത്രങ്ങളെപ്പറ്റിയുള്ള പഠന (Ethno science) ങ്ങളാണ്.

**നാട്ടുശാസ്ത്രത്തിന്റെ പ്രാധാന്യം**

മലയാളിയും കടക്കരപ്പള്ളിക്കാരനുമായ വൈദ്യൻ ഇട്ടി അച്യുതന്റെ കേരളീയ ഔഷധജ്ഞാനം "ഹോർത്തൂസ് മലബാറിക്കൂസ്"ആയി യൂറോപ്പിലെത്തിയതും, ആ രംഗത്തെ തുടർപഠനങ്ങൾക്ക് പാശ്ചാത്യലോകത്തിന് തുണയായതും ഇവിടെ മറക്കാൻ പാടില്ല. വയനാടൻ ചുരം വെട്ടാൻ സായിപ്പുമാർക്ക് വഴികാണിച്ചു കൊടുത്ത ആദിവാസിമൂപ്പൻ കരിന്തണ്ടനെ, കാര്യം കഴിഞ്ഞപ്പോൾ മേലാളന്മാർ കൊന്നുകളഞ്ഞുവെന്നത് സത്യമായാലും അല്ലെങ്കിലും നാട്ടറിവുകളോടുള്ള പാശ്ചാത്യനന്ദികേടിന്റെ ദൃഷ്ടാന്തമുണ്ടിതിൽ. ഇന്ന് മഞ്ഞളിന്റെയും വേപ്പിന്റെയുംമേൽ പേറ്റന്റു ലേബലൊട്ടിച്ച് തങ്ങളുടേതാക്കിമാറ്റാൻ തുനിയുന്ന ആഗോള കമ്പനികളുടെ തന്ത്രവും തമസ്ക്കരിക്കുന്നത് നൂറ്റാണ്ടുകളുടെ പ്രകൃതിവിജ്ഞാന നാട്ടുശാസ്ത്ര പാരമ്പര്യത്തെയാണ്.

തദ്ദേശീയശാസ്ത്രങ്ങളെ മാനിക്കാതെ, പുച്ഛിച്ചുതള്ളി നശിപ്പിക്കുന്ന സയൻസ് യാഥാസ്ഥിതികത്വം വരുത്തുന്ന രണ്ടാമത്തെ വലിയതെറ്റ് അതിജീവനത്തിന്റെ അവസാനത്തെ വാതിലും അടച്ചുകളയുന്നു എന്നതാണ്. ആധുനികപുരോഗതി പാരിസ്ഥിതികമായ നിരവധി തകർച്ചകൾ വരുത്തിവെച്ചിരിക്കുമ്പോൾ ഇതിൽ നിന്ന് കരകയറാൻ പ്രകൃതിയെ കീഴ്പ്പെടുത്തുന്ന സയൻസിന്റെ വീരശൂരപരാക്രമങ്ങളേക്കാൾ നാട്ടുശാസ്ത്രങ്ങളുടെ വിനയാന്വിതമായ സഹഭാവത്തിലാണ് ഉത്തരങ്ങൾ ഉള്ളതെന്ന് അന്താരാഷ്ട്രതലത്തിലെ പരിസ്ഥിതി സംരക്ഷണ സമ്മേളനങ്ങൾക്ക് ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി ഐക്യരാഷ്ട്ര സംഘടന നടത്തിയ കൺവെൻഷനിലെ ആർട്ടിക്കിൾ 8 ഇങ്ങനെ പറയുന്നു: "ജൈവവൈവിദ്ധ്യത്തിന്റെ സുസ്ഥിരമായ ഉപയോഗത്തിനും സംരക്ഷണത്തിനും പരമ്പരാഗത ജീവിതശൈലികളിലൂന്നിയ പ്രാദേശിക സമൂഹങ്ങളുടെ അറിവും അന്വേഷണവും പ്രയോഗങ്ങളും മാനിക്കേണ്ടതും കാത്തുസൂക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും പ്രധാനമാണ്. ഓരോ പ്രദേശത്തിന്റെയും സവിശേഷതകളെ മനസ്സിലാക്കി, പാരിസ്ഥിതികമായ വിനാശങ്ങളെ വരുത്താത്ത മാനുഷികമായ ഇടപെടലുകൾക്ക്, ആഗോള വികസനത്തിന്റെ വാർപ്പുമാതൃകകൾ അത്യപകടകരമാണെന്നു ദിനംപ്രതി ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാലത്ത് കൃഷിയിലും ആരോഗ്യരക്ഷയിലും നിർമാണ പ്രവൃത്തികളിലുമൊക്കെ നിലനിന്നിരുന്ന

നാട്ടുസമ്പ്രദായങ്ങളെ പുനരാവിഷ്കരിക്കാതെ ഇനി നിർവാഹമില്ല. കേന്ദ്രീകൃതവും വൻമുതൽമുടക്കുള്ളതും വിഭവങ്ങളെ ധൂർത്തടിക്കുന്നതും താൽക്കാലികവുമായ കൂറ്റൻ പദ്ധതികൾക്കു പകരം, നാട്ടുകുളങ്ങളും കൈത്തോടുകളും തണ്ണീർത്തടങ്ങളും കാർഷികവൃത്തിയും സൂക്ഷ്മകാലാവസ്ഥയും സമന്വയിക്കുന്ന മുൻമാർഗങ്ങൾ പുതുക്കിയെടുക്കേണ്ടതുണ്ട്. ഡെങ്കിപ്പനി വന്നവരോട്, രക്തത്തിലെ പ്ലേറ്റ്ലറ്റ് എണ്ണം കൂട്ടാൻ പപ്പായയിലയുടെ നീര് കുടിക്കാൻ അലോപ്പതി ഡോക്ടർക്കും പറയാതെ വയ്യെന്നായിരിക്കുന്നു. ആസ്ത്രേലിയയിലെ ചിലയിടങ്ങളിൽ ദേശീയോദ്യാനങ്ങളുടെ നയരൂപീകരണത്തിൽ അവിടുത്തെ ആദിമ വിഭാഗങ്ങളുടെ വനസംരക്ഷണ ശൈലികളെ കൂട്ടിച്ചേർത്തിരിക്കുന്നതായി ഡഗ്ലസ് നകുഷിമയും മെറി റുവെയും (Douglas Nakushima യും Marie Roue ഉം) ചൂണ്ടിക്കാട്ടുന്നുണ്ട്. കൃഷിയിലെ ആധുനീകരണവും ഏകവിളവൽക്കരണവും അമ്പേ തുടച്ചില്ലാതാക്കിയ ജൈവവൈവിദ്ധ്യത്തെ ലോകത്തിന്റെ പല കോണിലും ഇന്നും കെടാവിളക്കു പോലെ കാത്തുപോരുന്നത് നാട്ടുകാർഷികമുറകളാണ്. തായ്‌ലന്റിലും ഇന്തോനേഷ്യയിലുമുള്ള കൃഷിക്കാർ അവരുടെ കൃഷിയിടങ്ങളിൽ 100ലേറെ സസ്യജാതികളും പ്രാദേശിക പരിസ്ഥിതിക്കിണങ്ങിയ നിരവധി നെല്ലിനങ്ങളും പരിപാലിച്ചു പോരുന്നതായി സുസ്ഥിര കൃഷിശാസ്ത്രജ്ഞനായ (Agro ecologist) മിഗെൽ അൽറ്റിയെറി (Miguel Altieri) പറയുന്നു. ഇത്തരം നാട്ടുശാസ്ത്രങ്ങളെ സയൻസ് മതത്തിലേയ്ക്കു നിർബന്ധിത പരിവർത്തനത്തിനു വിധേയമാക്കുകയോ, അന്ധവിശ്വാസത്തിന്റെ പുനരവതാരമെന്നാരോപിച്ച് ശാസ്ത്രദ്രോഹവിചാരണയ്ക്കു വിധേയമാക്കി ചുട്ടെരിക്കുകയോ ചെയ്യുമ്പോൾ മാനവ അതിജീവനത്തിന്റെ അവസാന പിടിവള്ളികളായ സാംസ്കാരിക വൈവിദ്ധ്യങ്ങളാണ് പിഴുതെറിയപ്പെടുന്നത്.

ഇത്തരം നാട്ടുശാസ്ത്രങ്ങളെ സയൻസ് മതത്തിലേയ്ക്കു നിർബന്ധിത പരിവർത്തനത്തിനു വിധേയമാക്കുകയോ, അന്ധവിശ്വാസത്തിന്റെ പുനരവതാരമെന്നാരോപിച്ച് ശാസ്ത്രദ്രോഹവിചാരണയ്ക്കു വിധേയമാക്കി ചുട്ടെരിക്കുകയോ ചെയ്യുമ്പോൾ മാനവ അതിജീവനത്തിന്റെ അവസാന പിടിവള്ളികളായ സാംസ്കാരിക വൈവിദ്ധ്യങ്ങളാണ് പിഴുതെറിയപ്പെടുന്നത്.

**എതിർക്കപ്പെടേണ്ട കപടശാസ്ത്രം**

ഇത്തരം അന്ധതയിൽ നിന്ന് സയൻസ് തീവ്രവാദികളെ മോചിപ്പിക്കുന്നതിനായി ശാസ്ത്രം, കപടശാസ്ത്രം, തനതു ശാസ്ത്രങ്ങൾ എന്നിവ വേർതിരിച്ചു മനസ്സിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് ഐ.സി.എസ്.യു. നിയമിച്ച പഠനസംഘം പരിശോധിക്കുകയുണ്ടായി. ശാസ്ത്രതത്വചിന്തകർ ദശാബ്ദങ്ങളായി സയൻസും കപടശാസ്ത്രവും തമ്മിലുള്ള വ്യത്യാസങ്ങൾ ചർച്ച ചെയ്യുന്നുണ്ടെങ്കിലും ഇവ തമ്മിലുള്ള കൃത്യമായ അതിർവരമ്പ് നിർണയിക്കുക അത്ര എളുപ്പമല്ലെന്നാണ് ഈ രംഗത്തുള്ളവർ തിരിച്ചറിയുന്നത്. സയൻസിനുള്ളിൽത്തന്നെയുള്ള വൈവിദ്ധ്യങ്ങളാണ് ഇതിനു പ്രധാന കാരണം. വിവിധ ശാസ്ത്രങ്ങൾ തമ്മിൽ, മുമ്പ് നാം വിചാരിച്ചിരുന്നതിനേക്കാൾ പല വിധത്തിലും വേർതിരിവുകൾ ഉള്ളതിനാൽ, ഇവയ്ക്കെല്ലാം ബാധകമായ ഏകീകൃത ശാസ്ത്രീയരീതിയിലൂടെ എല്ലാത്തിനെയും കോർത്തിണക്കുക അത്രയെളുപ്പമല്ലെന്നും മേൽപ്പറഞ്ഞ പഠനസംഘം നിരീക്ഷിക്കുന്നു. ഒരു ശാസ്ത്രമേഖലയ്ക്കു ഏറ്റവും യോജിച്ച ശാസ്ത്രീയ നടപടിക്രമങ്ങൾ മറ്റൊരു ശാസ്ത്രമേഖലയ്ക്കു കാലഹരണപ്പെട്ടതോ ചേരാത്തതോ ആകും. ഓരോരോ ശാസ്ത്രസന്ദർഭങ്ങളിൽ മാത്രം സാധുതയുള്ളവയാണ് ഈ വ്യത്യസ്ത മാനദണ്ഡങ്ങളെങ്കിലും സയൻസിൽ നിന്നും കപടശാസ്ത്രത്തെ വേർതിരിക്കുന്ന രണ്ടു ലക്ഷണങ്ങൾ നിർണായകമാണ്.

സയൻസിനെയും കപടശാസ്ത്രത്തെയും സാമൂഹ്യശാസ്ത്രദൃഷ്ട്യാ വിലയിരുത്തുന്നതാണ് ഒന്നാമത്തെ സമീപനം. ഇതനുസരിച്ച് സയൻസിനോട്, അതിന്റെ പ്രഭവകാലം മുതൽത്തന്നെ കപടശാസ്ത്രം മത്സരത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിനേറ്റവും നല്ല ഉദാഹരണം പരിണാമസിദ്ധാന്തത്തോട് സംഘർഷത്തിലേർപ്പെടുന്ന ദൈവസൃഷ്ടിവാദ (Creation Science) മാണ്. മതപശ്ചാത്തലത്തിൽ നിന്നുള്ളവരാണ് ഇത്തരത്തിൽ ഏറ്റുമുട്ടുന്നവർ. ഇവർ സയൻസിനെ വെല്ലുവിളിക്കുകയും തുറന്നയുദ്ധത്തിൽ ഏർപ്പെടുകയും ചെയ്യുന്നു.

സയൻസിന്റെയും കപടശാസ്ത്രത്തിന്റെയും അറിവു 'നിർമാണരീതി' താരതമ്യം

ചെയ്ത് രണ്ടിനെയും വേർതിരിക്കുന്നതാണ് മറ്റൊരു മാനദണ്ഡം. സയൻസ്, ദൈനംദിനമായി നാമറിയുന്ന അറിവിനേക്കാൾ ഉയർന്നതും വ്യക്തമായതുമായ ജ്ഞാനം പ്രദാനം ചെയ്യുന്നു. പരമാവധി കുറ്റമറ്റതും സ്വയം തിരുത്തി നവീകരിക്കുന്നതുമായ ഈ അറിവു നിർമാണശൈലി കപടശാസ്ത്രത്തിന് അന്യമാണ്. ശാസ്ത്രവിജ്ഞാനം ചലനാത്മകവും പുരോഗമനപരവുമാണെങ്കിൽ കപടശാസ്ത്രം നിന്നിടത്തു നിന്നുള്ള കറക്കമാണ്. ശാസ്ത്രത്തെ ചെറുത്തുതോല്പിക്കുക എന്ന ഏകലക്ഷ്യം കൊണ്ടു മാത്രമാണ് കപടശാസ്ത്രത്തിൽ ശാസ്ത്രത്തെ വികൃതമായി അനുകരിച്ചുകൊണ്ടുള്ള കൂട്ടിച്ചേർക്കലുകൾ നടക്കുന്നത്.

നാട്ടുശാസ്ത്രങ്ങളാകട്ടെ സയൻസിൽ നിന്നു സ്വതന്ത്രമായി വ്യത്യസ്ത സാംസ്ക്കാരിക ഭൂപ്രദേശങ്ങളിലാണ് വികസിച്ചത്. നാട്ടുശാസ്ത്രങ്ങൾ സയൻസുമായി മത്സരിക്കുകയോ ശത്രുതാഭാവം വെച്ചുപുലർത്തുകയോ ചെയ്യുന്നില്ല. അതിനു വിപരീതമായി സയൻസിന്റെ പ്രഭവകാലം മുതൽ ഇന്നേവരെ സയൻസിന്റെ വളർച്ചയ്ക്കു നാട്ടുശാസ്ത്രവിജ്ഞാനം ഉതകിക്കൊണ്ടിരിക്കുകയാണ്. നാട്ടുശാസ്ത്രങ്ങളും സയൻസും തമ്മിൽ എവിടെയെങ്കിലും മത്സരം സംഭവിക്കുന്നുണ്ടെങ്കിൽ അതിനു കാരണം സയൻസ് ഉപയോഗിച്ച് നാട്ടുശാസ്ത്രങ്ങളെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നതാണ്. എന്നാൽ സയൻസിനോടു കലഹിക്കുക എന്നത് കപടശാസ്ത്രത്തിന്റെ സ്ഥായീഭാവമായതിനാൽ ശാസ്ത്രനിരപേക്ഷമായ നിലനില്പ്പ് കപടശാസ്ത്രത്തിനില്ല. നാട്ടുശാസ്ത്രങ്ങളാകട്ടെ, സയൻസിനെപ്പോലെത്തന്നെ സ്വന്തം കാലിൽ നിൽക്കുന്നവയാണ്. നൂറ്റാണ്ടുകളിലൂടെ പരമ്പരാഗത സമൂഹങ്ങൾ ചരാചരപ്രകൃതിയുമായി ഇടപഴകി വളർത്തിയെടുത്ത അറിവുകളും അറിവുനിർമാണരീതികളും അവയുടെ പ്രയോഗങ്ങളും ചേർന്നതാണ് നാട്ടുശാസ്ത്രങ്ങൾ.

### സാംസ്കാരിക അധിനിവേശത്തിനെതിരെ

സയൻസ് ഉപയോഗിച്ച് നാട്ടുശാസ്ത്രങ്ങളെ നിലംപരിശാക്കുന്ന യുദ്ധത്തെ സംസ്കാരങ്ങൾ തമ്മിലുള്ള സംഘർഷമായി മനസ്സിലാക്കേണ്ടതുണ്ടെന്ന് ഡഗ്ലസ് നകുഷിമയും മെറി റുവെയും പറയുന്നുണ്ട്. മാനവ പുരോഗതിയുടെ പതാകയായ ശാസ്ത്രവും മനുഷ്യവർഗത്തെ പിന്നിലേയ്ക്കു വലിച്ചുകൊണ്ടു പോകുന്ന കപടശാസ്ത്രവും തമ്മിലുള്ള പോരാട്ടമല്ല, മറിച്ച് കോളനിവൽക്കരണത്തിന്റെയും മുതലാളിത്തവളർച്ചയുടെയും ഭാഗമായി യൂറോപ്പിൽ ഉടലെടുത്ത മനുഷ്യവിരുദ്ധവും പ്രകൃതിവിനാശകവുമായ സംസ്കാരത്തിന്റെ അഹങ്കാരവിജൃംഭിതമായ പടയോട്ടമാണിത്. മനുഷ്യചരിത്രത്തിലെ ഏറ്റവും ഉദാത്ത മാതൃകയായി ഇന്നും വിശുദ്ധ പദവിയിൽ വാഴ്ത്തപ്പെടുന്നതാണ് ഈ സാംസ്കാരികാധിനിവേശം. എന്നാൽ ആണവ ദുരന്തങ്ങളും കാലാവസ്ഥാമാറ്റങ്ങളും ആധുനികരോഗങ്ങളും മുതൽ, മണ്ണിൽ വീഴുന്ന ഒരു മിഠായിക്കവറിൽനിന്നു പോലും വിപത്തുകളുടെ വരൾച്ചയും വെള്ളപ്പൊക്കവും മാറി മാറി വരുമ്പോൾ ലോകരക്ഷയുടെ മാർഗം ഒന്നിലല്ല, പലതിലാണെന്ന് മനുഷ്യർ എവിടെയും ബോധവാൻമാരാവുകയാണ്. ഈ തിരിച്ചറിവിന്റെ വഴിയിലാണ് നാട്ടുവിത്തുകൾകൊണ്ടും 'ഞാറ്റുവേല' സമ്പ്രദായങ്ങൾകൊണ്ടും പ്രാദേശികമായ പ്രതിരോധനിര സജ്ജമാകുന്നത്.

**References**

1. Brett M. Bennett and Joseph M. Hodge, eds (2011) Science and Empire : Knowledge and Networks of Science across British Empire, 1800-1970.
2. Douglas Nakshima and Marie Rou'e (2002) Indigenious Knowledge, Peoples and Sustainable Practice.
3. Fulvio Mazzocchi( 2006) Western Science and Traditional Knowledge.
4. International Council for Science (2002) Science and Traditional Knowledge: Report from I. C. S.U. Study Group on Science and Traditional Knowledge.
5. Maurizio Laccarino (2002) Science and Culture.
6. Paul Feyerabend (1975) How to Defend Society against Science. ■

പ്രഭാഷണം/സംവാദം
**നിസാർ അഹമ്മദ്**
2017 ഏപ്രിൽ 1, 2. നളന്ദ ഹോട്ടൽ, കോഴിക്കോട്
രാവിലെ 10.00 മുതൽ വൈകീട്ട് 5.00 വരെ

ഏപ്രിൽ 1, ശനി
**വികസനം:**
**കാഴ്ച്ചപ്പാടുകൾ, ധാർമ്മികത, രാഷ്ട്രീയം**

ഏപ്രിൽ 2, ഞായർ
**ജനകീയ പ്രതിരോധം, രാഷ്ട്രീയത**

സംഘാടനം:
ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ്
ഇക്കോളജിക്കൽ സ്റ്റഡീസ്, കോഴിക്കോട്
കേരളീയം, തൃശൂർ